# പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 6659 - 09/11/2016 - ലെ മറുപടിക്ക്**

**ധനദൃഢീകരണത്തിനായി നടപടികൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ .എസ്.ശർമ്മ**
**ശ്രീ. കെ.വി.അബ്ദുൾ ഖാദർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. പി.ടി.എ.റഹീം**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | ധനദൃഢീകരണത്തിനായി ഈ സർക്കാർ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | സാമ്പത്തിക ദൃഢീകരണത്തിനായി ചുവടെ ചേർക്കുന്ന നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്.<br>**ചെലവ് നിയന്ത്രണം**<br>ശമ്പളം, പലിശ, പെൻഷൻ എന്നിവ കഴിച്ചുള്ള പദ്ധതിയേതര ചെലവുകൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തുക.<br>**വരുമാന സമാഹരണം**<br>പ്രധാനപ്പെട്ട വരുമാനദായക വകുപ്പുകളായ വാണിജ്യനികുതി, മോട്ടോർ വെഹിക്കിൾസ് രജിസ്ട്രേഷൻ, റവന്യൂ, എക്സൈസ് എന്നിവയുടെ നികുതി പിരിവ് സംവിധാനം ഊർജ്ജിതപ്പെടുത്തും. അടുത്ത 5 വർഷക്കാലയളവിലേക്ക് സംസ്ഥാനത്തിന്റെ നികുതി പിരിവിന്റെ വാർഷിക വളർച്ചാനിരക്ക് 20% തോതിൽ നിലനിർത്തുന്നത് ഉറപ്പു വരുത്താൻ വേണ്ട നടപടികൾ കൈക്കൊള്ളും. |
| (ബി) | ഇതിനായി നികുതി ഭരണത്തിൽ എന്തൊക്കെ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു; ഡൽഹി സർക്കാർ നടപ്പിലാക്കിയ മാതൃകയിൽ സോഫ്റ്റ് വെയർ സഹായത്തോടെ നികുതി പിരിവ് സാധ്യമാകുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | വാണിജ്യ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികളാണ് നികുതി വകുപ്പ് ആവിഷ്കരിക്കുന്നത്.<br>1. അഴിമതി നിർമ്മാർജ്ജനം<br>2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരിക.<br>3. യുക്തിസഹമായ നികുതി നിരക്ക്<br>4. സാങ്കേതിക നവീകരണം.<br>5. ഊർജ്ജിത ഉദ്യോഗസ്ഥ പരിശീലനം<br>6. ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തുക.<br>7. നിയമനടപടികൾ, റവന്യൂ റിക്കവറി വേഗത വർദ്ധിപ്പിക്കൽ<br>8. വ്യാപാരി സൗഹൃദ സമീപനം.<br>9. ഉപഭോക്തൃ-വ്യാപാരി ബോധവൽക്കരണം.<br><br>വ്യാപാര വാണിജ്യമേഖലയ്ക്ക് സഹായകമായ ഒരു ഇന്ററാക്ടീവ് വെബ് പോർട്ടലായി വാണിജ്യ നികുതിവകുപ്പിന്റെ വെബ്സൈറ്റിനെ പുനർനിർമ്മിക്കും. ഒരു വർഷത്തിനകം തന്നെ വകുപ്പിൽ ഒരു സൈബർ ഫോറൻസിക് യൂണിറ്റ് രൂപീകരിക്കുന്നതാണ്. |

| | | |
|---|---|---|
| | | ഇന്ന് പകുതിയിൽ താഴെ റിട്ടേണുകളെ സ്ക്രൂട്ടനൈസ് ചെയ്യപ്പെടുന്നുള്ളൂ. അതുതന്നെ കേവലം സാങ്കേതികമായ പരിശോധനയാണ്. ഇനിമേൽ കമ്പ്യൂട്ടറിൽ തന്നെ പുതിയ സോഫ്ട് വെയറിന്റെ സഹായത്തോടെ ഓരോ റിട്ടേണും സമഗ്രപരിശോധനയ്ക്ക് വിധേയമാക്കും. ഇതിന് KVATIS ലെ വിവിധ മോഡ്യൂളുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള സൂക്ഷ്മ പരിശോധന സിസ്റ്റം നടത്തും.<br>നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) വികസിപ്പിച്ച **'സർവ്വീസ് പ്ലസ്സ്'** എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് എക്സൈസ് വകുപ്പിന്റെ 16 സേവനങ്ങൾ ഓൺലൈൻ ആക്കിയിട്ടുണ്ട്. |
| (സി) | ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ചെക്പോസ്റ്റുകൾ നവീകരിക്കുന്നത് മുഖ്യ നികുതിയിനമായ വാണിജ്യ നികുതിയിലെ ചോർച്ച കുറയ്ക്കാൻ ഉപകരിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കുമോ? | ജി.എസ്.റ്റി വന്നാലും കേരളത്തിലെ ചെക്കുപോസ്റ്റുകൾ തുടരുന്നതാണ്. പക്ഷേ അവ ആധുനിക ഡേറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളായിരിക്കും. സ്കാനറുകൾ സ്ഥാപിക്കേണ്ടതിന്റെ സാധ്യതകളും പരിശോധിക്കും. അതുവഴി ഒരു വണ്ടി പരിശോധനയ്ക്ക് വേണ്ടിവരുന്ന 1-2 മണിക്കൂറുകൾ 10-15 മിനിറ്റായി ചുരുക്കാൻ കഴിയും. ഈ പരിവർത്തനം ഇപ്പോഴേ വരുത്താൻ ഉദ്ദേശിക്കുന്നു. ഇലക്ട്രോണിക്സ് വെയ്ബ്രിഡ്ജുകൾ, ബൂം ബാരിയറുകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ സംവിധാനം, ഇലക്ട്രോണിക്സ് ഡിസ്പ്ലേ ബോർഡുകൾ, RFID, സ്മാർട്ട് കാർഡ് മുതലായ ആധുനിക സാങ്കേതികവിദ്യകൾ ഏർപ്പെടുത്തുന്നതാണ്. ഓരോ വകുപ്പിനും അവർക്ക് ആവശ്യമായിട്ടുള്ള വിവരം ശേഖരിക്കുന്നതിനും, ലഭ്യമാക്കുന്നതിനും സഹായകരമായ ഒരു സമഗ്ര സോഫ്ട് വെയർ വികസിപ്പിക്കും.<br>കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്തും, വയനാട് ജില്ലയിലെ മുത്തങ്ങയിലും ആധുനിക ഡാറ്റാ കളക്ഷൻ & ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കും.<br>അടുത്ത മൂന്ന് വർഷംകൊണ്ട് ഈ പ്രമുഖ ചെക്ക്പോസ്റ്റുകളെയെല്ലാം അത്യാധുനിക സംയോജിത ഡാറ്റാ കളക്ഷൻ & ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റും. |

*അക്കൗണ്ട്സ് ഓഫീസർ*